**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 346

**16.12.2014**- ൽ മറുപടിക്ക്

**<u>സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളുടെ പിരിച്ചുവിടൽ</u>**

**<u>ചോദ്യം</u>**

**ശ്രീ.ബാബു എം. പാലിശ്ശേരി :**
**,, കോടിയേരി ബാലകൃഷ്ണൻ :**
**ശ്രീമതി.കെ.കെ.ലതിക :**

**<u>മറുപടി</u>**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റികളെ നിയോഗിച്ചുകൊണ്ടിരിക്കുന്നതും, കാലാവധി കഴിഞ്ഞ സഹകരണ സംഘങ്ങളിൽ യഥാസമയം തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളാ സഹകരണ സംഘം നിയമത്തിലെ വകുപ്പ് 32 അനുശാസിക്കുന്ന പ്രകാരം സംഘങ്ങളുടെ പ്രവർത്തന വൈകല്യം കാരണം സംഘം ഭരണസമിതികളെ പിരിച്ചുവിടുകയും, സംഘം പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിനും സംഘത്തിൽ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുമായി അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കാറുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 46 സംഘം ഭരണ സമിതികളെ ഇപ്രകാരം പിരിച്ച വിട്ട് അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇവയിൽ 8 സംഘം ഭരണ സമിതികളെ പിരിച്ച് വിട്ട ഉത്തരവ് കോടതി റദ്ദ് ചെയ്തിട്ടുണ്ട്. 24 സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്തിട്ടുണ്ട്. സംഘത്തിന്റെ സാമ്പത്തിക

പ്രതിസന്ധി, അംഗങ്ങളുടെ താൽപര്യമില്ലായ്മ, കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ, മതിയായ രേഖകളുടെ അഭാവം എന്നീ കാരണങ്ങളാലാണ് ഇവയിൽ യഥാസമയം തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്തത്.

ബി) സഹകരണ സംഘങ്ങളിൽ ജനാധിപത്യ ഭരണം ഇല്ലാതാക്കുന്ന ഇത്തരം നടപടികൾ നിയന്ത്രിക്കാമോ;

(ബി) സംഘങ്ങളുടെ പ്രവർത്തനത്തിലെ പോരായ്മ കൊണ്ട് മാത്രമാണ് നിയമം അനുശാസിക്കുന്ന പ്രകാരം ഭരണ സമിതികളെ പിരിച്ചു വിട്ടിട്ടുള്ളത്.

സി) പിരിച്ചുവിടപ്പെട്ട ഭരണസമിതിയ്ക്ക് വീണ്ടും അധികാരം തിരിച്ചുനൽകാൻ ഏതെങ്കിലും സംഘത്തിന്റെ കാര്യത്തിൽ ബഹു.ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടോ; ഏതെല്ലാം സംഘങ്ങളുടെ കാര്യത്തിൽ ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പിരിച്ചുവിടപ്പെട്ട 46 സംഘം ഭരണസമിതികളിൽ 8 സംഘങ്ങളുടെ ഭരണ സമിതികൾക്ക് അധികാരം തിരികെ നൽകുന്നതിന് ബഹു. ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. അവ ഇനി പറയുന്നവയാണ്.

1. പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം
3. ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, പത്തനംതിട്ട
4. തലവടി സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ
5. ഇടുക്കി ജില്ലാ എക്സ് സർവ്വീസ്മെൻ സഹകരണ സംഘം
6. ചോറോട് സർവ്വീസ് സഹകരണ ബാങ്ക്, കോഴിക്കോട്

7. കൊല്ലങ്കോട് പട്ടികജാതി സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട്

8. കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട്

ഇവയിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ ഭരണസമിതികളെ പിരിച്ച് വിട്ട ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്യെങ്കിലും ഇതിനോടകം തന്നെ ടി ഭരണസമിതികളുടെ കാലാവധി കഴിഞ്ഞതിനാൽ അഡ്മിനിസ്ട്രേറ്ററെ നിയമിക്കുക യുണ്ടായി. കൂടാതെ, മട്ടാഞ്ചേരി മഹാജനിക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, പാലക്കാട് ജില്ലാ മൊത്ത വ്യാപാര കൺസ്യൂമർ സ്റ്റോർ എന്നീ സംഘങ്ങളിൽ വകുപ്പ് 33 പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഇതിൽ മട്ടാഞ്ചേരി മഹാജനിക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൽ അഡ്മിനിസ്ട്രേറ്ററെ നിയമിച്ചു കൊണ്ടുള്ള ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തതിനെ തുടർന്ന് ടി ഭരണസമിതിക്ക് അധികാരം തിരികെ നൽകുന്നതിനുള്ള ഉത്തരവ് എറണാകുളം ജോയിന്റ് രജിസ്ട്രാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് ബഹു. ഹൈക്കോടതി ഇപ്പോൾ റദ്ദാക്കിയിട്ടുണ്ട്.

(ഡി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ, അഡ്മി നിസ്ട്രേറ്ററോ ഭരണം നടത്തിവരുന്ന സംഘങ്ങൾ എത്രയാണ്;

(ഡി) അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തുന്ന 591 സഹകരണ സംഘങ്ങളും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തുന്ന 169 സഹകരണ സംഘങ്ങളും ഉണ്ട്.

(ഇ) ഇത്തരത്തിൽ സംഘം ഭരണ സമിതികൾ പിരിച്ചുവിട്ട സഹകരണ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

(ഇ) സംഘങ്ങളുടെ പ്രവർത്തന വൈകല്യം/പോരായ്മ കൊണ്ടാണ് സഹകരണ നിയമം അനുശാസിക്കുന്ന പ്രകാരം സംഘം ഭരണസമിതികൾ പിരിച്ചു വിടേണ്ടതായി വരുന്നത്. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ല.

**സെക്ഷൻ ഓഫീസർ**